LIBRARY ARCHIVES Kerala Legislative Assembly

മത്സ്യകേരളം പദ്ധതി

225 (1883) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യകേരളം പദ്ധതിക്കായി സംസ്ഥാനത്ത് ചെലവഴിച്ച ആകെ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) കണ്ണൂർ ജില്ലയിൽ എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പിലാക്കിയത് ;

(സി) ഇതിനായി എത്ര രൂപ ചെലവഴിച്ചു എന്ന് അറിയിക്കുമോ ;

(ഡി) ഇതിന്റെ ഭാഗമായി മത്സ്യോൽപ്പാദനത്തിൽ എന്ത് വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് ?

ഉത്തരം

(എ) 30-11-2010 വരെ മത്സ്യകേരളം പദ്ധതിക്കായി 8,77,21,683 രൂപ (എട്ട് കോടി എഴുപത്തി ഏഴ് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി അറുന്നൂറ്റി എൺപത്തിയൊന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ 48 ഗ്രാമപഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പിലാക്കിയത്.

ഗ്രാമപഞ്ചായത്തുകൾ

1. കുഞ്ഞിമംഗലം, 2. രാമന്തളി, 3. കരിവെള്ളൂർ-പെരളം, 4. എരമം-കുറ്റൂർ, 5. പെരിങ്ങോം-വയക്കര, 6.ചെറുപുഴ, 7. ചെറുതാഴം, 8. ഏഴോം, 9. മാടായി, 10. മാട്ടൂൽ 11. ചെറുകുന്ന്, 12. കല്യാശ്ശേരി, 13. കണ്ണപുരം, 14. നാറാത്ത് 15. പട്ടുവം 16.പാപ്പിനിശ്ശേരി 17.ചെങ്ങളായി 18. കുറുമാത്തൂർ. 19. പരിയാരം 20. ചാപ്പാരപ്പടവ് 21. നടുവിൽ 22. ഉദയഗിരി 23. ആലക്കോട് 24. എരുവശ്ശേരി 25. പയ്യാവൂർ 26. കൊളച്ചേരി 27. കുറ്റ്യാട്ടൂർ 28. മയ്യിൽ 29. പടിയൂർ-കല്ല്യാട് 30. ശ്രീകണ്ഠാപുരം 31. ഉളിക്കൽ 32. അഴീക്കോട് 33. അഞ്ചരക്കണ്ടി 34. എടക്കാട് 35.കടമ്പൂർ 36. പെരളശ്ശേരി 37. ധർമ്മടം 38. എരഞ്ഞോളി 39. പിണറായി, 40. പന്ന്യന്നൂർ 41. അഞ്ചൻകുന്ന് 42. കീഴല്ലൂർ 43. പായം 44. കീഴൂർ-ചാവശ്ശേരി 45. കണിച്ചാർ 46. കൊട്ടിയൂർ 47. കേളകം 48. മാലൂർ.

മുനിസിപ്പാലിറ്റികൾ :

1. തളിപ്പറമ്പ്. 2. പയ്യന്നൂർ 3. തലശ്ശേരി

(സി) കണ്ണൂർ ജില്ലയിൽ 30-11-2010 വരെ ആകെ 67,08,586 രൂപ ചെലവഴിച്ചു.

(ഡി) കണ്ണൂർ ജില്ലയിൽ 261.39 ടൺ ചെമ്മീൻ, 24.7 ടൺ കല്ലുമ്മേക്കായ, 1.3 ടൺ ഞണ്ട്, 0.805 ടൺ കരിമീൻ എന്നിവ ഉൾപ്പെടെ ആകെ 288.195 ടണ്ണിന്റെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്.